# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1323 11.06.2019-ൽ മറുപടിക്ക്

### <u>പ്ലസ് വൺ സീറ്റുകളുടെ എണ്ണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

**(എ)** വർഷംതോറും സംസ്ഥാനത്തെ എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ. പരീക്ഷകളിലെ വിജയശതമാനം വർദ്ധിച്ചുവരുന്നതിനാലും ഇതിന്റെ പശ്ചാത്തലത്തിൽ സി.ബി.എസ്.ഇ. യിൽ നിന്ന് സംസ്ഥാന സിലബസിലേക്ക് പ്ലസ് വൺ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുമെന്നതിനാലും അഭിമുഖീകരിക്കേണ്ടി വരുന്ന പ്ലസ് വൺ സീറ്റ് ക്ഷാമം നേരിടാൻ ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** കഴിഞ്ഞ വർഷം ഇതേ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതൊക്കെ സ്കൂളുകളിലാണ് അധിക ബാച്ചും സീറ്റും അനുവദിച്ചതെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നു. ഇതിനുപരിയായി മലബാർ മേഖലയിൽ വീണ്ടും 10% മാർജിനൽ സീറ്റ് വർദ്ധനവ് കൂടി അനുവദിച്ചിരുന്നു. കൂടാതെ തെക്കൻ ജില്ലകളിൽ നിന്നും നിശ്ചിതഎണ്ണം പഠിതാക്കൾ ഇല്ലാതിരുന്ന എട്ട് ബാച്ചുകൾ മലപ്പുറം ജില്ലയിലെ വിവിധ സ്കൂളുകളിലേക്ക് മാറ്റുകയുമുണ്ടായി.

(മറുപുറം)

| | |
|---|---|
| (സി) ഈ വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ തരം തിരിച്ച് അറിയിക്കാമോ ? | (സി) വിവരം അനുബന്ധമായി ചേർക്കുന്നു |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

| ജില്ല | എസ്.എസ്.എൽ.സി പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം | ലഭ്യമായ പ്ലസ് വൺ സീറ്റുകൾ |
|---|---|---|
| തിരുവനന്തപുരം | 35857 | 36613 |
| കൊല്ലം | 31507 | 31182 |
| പത്തനംതിട്ട | 10835 | 17541 |
| ആലപ്പുഴ | 22769 | 27019 |
| കോട്ടയം | 20378 | 25966 |
| ഇടുക്കി | 12088 | 13958 |
| എറണാകുളം | 33007 | 37949 |
| തൃശ്ശൂർ | 36357 | 38201 |
| പാലക്കാട് | 40709 | 33026 |
| കോഴിക്കോട് | 44532 | 40362 |
| മലപ്പുറം | 79535 | 61074 |
| വയനാട് | 11602 | 10236 |
| കണ്ണൂർ | 34118 | 33027 |
| കാസറഗോഡ് | 18776 | 16718 |
| **ആകെ** | **4,32,070** | **4,22,872** |

സെക്ഷൻ ഓഫീസർ.